File No.FWLD-C1/108/2019-FWLD

പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4142 24.06.2019 ൽ മറുപടിയ്ക്ക്

വനം വകുപ്പിന്റെ തടസ്സവാദം മൂലം ഇടുക്കിയിൽ ആദിവാസികൾക്കുള്ള ബുദ്ധിമുട്ട്

| | ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ | | മറുപടി<br>അഡ്വ.കെ.രാജു<br>(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഇടുക്കി ജില്ലയിലെ ഉപ്പുതറ ഗ്രാമപഞ്ചായത്തിന് കീഴിലുള്ള കണ്ണംപടി, കിഴുകാനം, മേമാരി പ്രദേശങ്ങളിലും വള്ളക്കടവ് ഗ്രാമപഞ്ചായത്തിലുള്ള വഞ്ചിവയൽ പട്ടികവർഗ്ഗ സെറ്റിൽമെന്റ്, അറക്കുളം ഗ്രാമപഞ്ചായത്തിലെ മേമുട്ടം പട്ടികവർഗ്ഗ സെറ്റിൽമെന്റ് എന്നിവിടങ്ങളിലും വനാവകാശ രേഖ ലഭ്യമായിട്ടുള്ള ആദിവാസികളുടെ കൈവശ ഭൂമിയിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് വനം വകുപ്പ് തടസ്സം സൃഷ്ടിക്കുന്നുവെന്നത് വസ്തുതയാണോ; | (എ) | ഇടുക്കി വൈൽഡ് ലൈഫ് ഡിവിഷന്റെ പരിധിയിൽപ്പെട്ടതും ഉപ്പുതറ ഗ്രാമ പഞ്ചായത്തിനു കീഴിലുള്ള കണ്ണമ്പടി, കിഴുകാനം, മേമാരി പ്രദേശങ്ങളിലും പെരിയാർ ഈസ്റ്റ് ഡിവിഷന്റെ പരിധിയിലുള്ള വഞ്ചിവയൽ പട്ടികവർഗ്ഗ സെറ്റിൽമെന്റിലും അറക്കുളം ഗ്രാമപഞ്ചായത്തിലെ മേമുട്ടം പട്ടികവർഗ്ഗ സെറ്റിൽമെന്റ് എന്നിവിടങ്ങളിൽ വനാവകാശരേഖ ലഭ്യമായിട്ടുള്ള ആദിവാസികളുടെ കൈവശഭൂമിയിൽ വികസന പ്രവർത്തനം നടത്തുന്നതിന് വനം വകുപ്പ് തടസ്സം സൃഷ്ടിക്കുന്നില്ല. |
| (ബി) | ഇതുമൂലം പ്രസ്തുത സ്ഥലങ്ങളിലേക്കുള്ള റോഡ് നിർമ്മാണത്തിന് വളരെയധികം ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യത്തിൽ, സ്കൂൾ കുട്ടികൾക്കും, രോഗികൾക്കും കാൽനടയായി കിലോമീറ്ററോളം സഞ്ചരിക്കേണ്ട അവസ്ഥ സംജാതമായിട്ടുണ്ടോ എന്നറിയിക്കുമോ; | (ബി) | കണ്ണംപടി, കിഴുകാരം, മേമാരി പ്രദേശങ്ങളിലെ റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വനാവകാശ നിയമ പ്രകാരം അപേക്ഷ ലഭിച്ചതിന് അനുമതി നല്കിയിട്ടുണ്ട്. ഇനിയും ഇത്തരം അപേക്ഷ ലഭിച്ചാൽ നിലവിലുള്ള നിയമ പ്രകാരം മേൽ നടപടികൈക്കൊള്ളുന്നതാണ്. |
| (സി) | പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഇതുമൂലമുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വനം വകുപ്പിൽ നിന്നും യാതൊരു ബുദ്ധിമുട്ടും ഉണ്ടാകാറില്ല. വികസനാവശ്യങ്ങൾക്ക് അത് നടപ്പാക്കുന്ന വകുപ്പ് മുഖേന വനാവകാശ നിയമപ്രകാരം അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നിയമാനുസൃതം നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ